## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.379**     **29/06/2015-ൽ മറുപടിക്ക്**

## വൈദ്യുതി വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി വിതരണ രംഗത്ത് എത്ര കണക്ഷനുകൾ നൽകിയെന്ന് പറയാമോ; | (എ) | 30.04.2015 ലെ കണക്കുകൾ പ്രകാരം 16,41,515 കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ എത്ര വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും, എത്ര കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | 30.04.2015 ലെ കണക്കുകൾ പ്രകാരം 13,664 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 30,76,807 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇക്കാലയളവിൽ നിർമ്മിച്ച ഹൈ ടെൻഷൻ ലൈനുകളുടെയും ലോ ടെൻഷൻ ലൈനുകളുടെയും നീളം എത്ര; വിശദമാക്കാമോ; | (സി) | 30.04.2015 ലെ കണക്കുകൾ പ്രകാരം 7825 കി.മീ. 11 കെ.വി. ലൈനും 15645 കി.മീ. എൽ റ്റി ലൈനും നിർമ്മിച്ചിട്ടുണ്ട്. |
| (ഡി) 2006 മുതൽ 2011 മേയ് വരെ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | 2006 മെയ് മുതൽ 2011 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 22,56,237 വൈദ്യുതി കണക്ഷനുകൾ നൽകുകയും 20455 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 32,64,068 കേടായ മീറ്റർ മാറ്റി സ്ഥാപിക്കുകയും 13612 കി.മീ. 11 കെ.വി. ലൈൻ, 37622 കി.മീ. എൽ റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**